**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - പുളിങ്കുന്ന് ഗ്രാമ പഞ്ചായത്തിൽ **MGNREGS** പദ്ധതിയിൽ കക്കൂസ് നിർമ്മിച്ച അർഹരായ **190** ഗുണഭോക്താക്കൾക്ക് **ODF** പദ്ധതിയിൽ ഉൾപ്പെടുത്തി തുക നൽകുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം. 2689/ 2016/തസ്വഭവ തിരുവനന്തപുരം, തീയതി 17/09/2016

---

പരാമർശം - 1. പുളിങ്കുന്ന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 22.08.2016 ലെ എ 8 3276/16 നമ്പർ കത്ത്

2. പുളിങ്കുന്ന് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 16.08.16 ലെ നാലാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

2013-14, 2014-15 വർഷങ്ങളിൽ പുളിങ്കുന്ന് ഗ്രാമ പഞ്ചായത്തിൽ MGNREGS പദ്ധതിയിൽ കക്കൂസ് നിർമ്മിച്ച അർഹരായ 190 ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മിച്ചതിന്റെ തുക ഇതുവരെ നല്കാൻ കഴിഞ്ഞിട്ടില്ല എന്നും ഈ കാലഘട്ടത്തിൽ എം.ഐ.എസ് ലിസ്റ്റിൽ ഈ ഗുണഭോക്താക്കൾ ഉൾപ്പെടാത്തതിനാലാണ് മസ്റ്റർ റോൾ ജനറേറ്റ് ചെയ്ത് പദ്ധതി പ്രകാരമുള്ള തുക ഗുണഭോക്താക്കൾക്ക് നല്കാൻ കഴിയാതിരുന്നതെന്നും പുളിങ്കുന്ന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പരാമർശം 1 പ്രകാരം അറിയിച്ചിരിക്കുന്നു. ഈ ഗുണഭോക്താക്കൾ നിലവിൽ കക്കൂസ് നിർമിച്ചിട്ടുള്ളതിനാൽ ഒ.ഡി.എഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി തുക അനുവദിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ സാങ്കേതിക തടസ്സം ഒഴിവാക്കുന്നതിന് സർക്കാർ ഉത്തരവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുവാൻ പരാമർശം 2 പ്രകാരം തീരുമാനിച്ചതായും അറിയിച്ചിരിക്കുന്നു.

പുളിങ്കുന്ന് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ അപേക്ഷയിന്മേൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2013-14, 2014-15 വർഷങ്ങളിൽ പുളിങ്കുന്ന് ഗ്രാമ പഞ്ചായത്തിൽ MGNREGS പദ്ധതിയിൽ കക്കൂസ് നിർമ്മിച്ച അർഹരായ 190 ഗുണഭോക്താക്കൾക്ക്

കക്കൂസ് നിർമ്മിച്ചതിന്റെ തുക ഒ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ഡി സന്തോഷ്

ഡെപ്യൂട്ടി സെക്രട്ടറി

പ്രസിഡന്റ്, പുളിങ്കുന്ന് ഗ്രാമ പഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ